**പതിനാലാം കേരള നിയമസഭ**

**ഏഴാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 638          08.08.2017 ൽ മറുപടിയ്ക്ക്**

## പാരമ്പര്യേതര ഊർജ്ജ മേഖലയിൽ നിന്നും വൈദ്യുതിഉൽപാദനം

| ചോദ്യം | | | ഉത്തരം |
|---|---|---|---|
| ശ്രീ.രാജു എബ്രഹാം | | | ശ്രീ.എം.എം.മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
| (എ) | പാരമ്പര്യേതര ഊർജ്ജ മേഖലയിൽ നിന്നും നിലവിൽ എത്ര മെഗാവാട്ട് വൈദ്യുതിയാണ് ലഭിക്കുന്നത് എന്ന് ഇനം തിരിച്ച് വ്യക്തമാക്കാമോ; കാറ്റ്, തിരമാല എന്നിവയിൽ നിന്നും അധികമായി വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിന് എന്തെങ്കിലും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | പാരമ്പര്യേതര ഊർജ്ജമേഖലയിൽപ്പെട്ട സൗരോർജ്ജത്തിൽ നിന്നും 90 മെഗാവാട്ടും കാറ്റിൽ നിന്നും 59.275 മെഗാവാട്ടും വൈദ്യുതി ഉത്പാദിപ്പിക്കുന്നുണ്ട്. ആകെ പാരമ്പര്യേതര ഊർജ്ജ മേഖലയിൽ നിന്നും 149.275 മെഗാവാട്ടിന്റെ വൈദ്യുതി ഉത്പാദിപ്പിക്കുന്നുണ്ട്.<br>കാറ്റിൽ നിന്നും അധികമായി വൈദ്യുതി ഉത്പാദിപ്പിക്കുന്നതിനായി 118.125 മെഗാവാട്ട് ആകെ സ്ഥാപിതശേഷിയുള്ള വിവിധ പദ്ധതികളും (സ്വകാര്യ സംരംഭകർ ഉൾപ്പെടെ) സൗരോർജ്ജത്തിൽ നിന്നും 900 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള പദ്ധതികളും 2022 – ഓടു കൂടി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു.<br>തിരമാലയിൽ നിന്നും വൈദ്യുതി ഉത്പാദിപ്പിക്കുന്നതിന് നിലവിൽ പദ്ധതികളൊന്നും തന്നെ വിഭാവനം ചെയ്തിട്ടില്ല.<br>പാലക്കാട് ജില്ലയിൽ കഴൽമന്ദത്ത് അനെർട്ട് സ്ഥാപിച്ചിട്ടുള്ള 2 മെഗാവാട്ട് സൗരോർജ്ജ പവർപ്ലാന്റിൽ നിന്നും പ്രതിദിനം ഏകദേശം 8000 യൂണിറ്റ് വൈദ്യുതി ഉല്പാദിപ്പിച്ചു വരുന്നുണ്ട്.<br>അനെർട്ട് വഴി നടപ്പിലാക്കിവരുന്ന റൂഫ് ടോപ്പ് സോളാർ പദ്ധതികളിൽ വൈദ്യുത ശൃംഖലയുമായി ബന്ധിപ്പിക്കുന്ന സോളാർ കണക്ട് പദ്ധതിയിലൂടെ 8.4 സ്ഥാപിതശേഷിയും ബാറ്ററി ശേഷിയോടുകൂടിവരുന്ന |

പദ്ധതികളിലൂടെ 13.38 മെഗാവാട്ട് സ്ഥാപിതശേഷിയും ഇതിനകം കൈവരിച്ചിട്ടുണ്ട്.

കാറ്റിൽ നിന്നും 43.275 മെഗാവാട്ട് വൈദ്യുതി ഉത്പാദിപ്പിക്കുന്ന കാറ്റാടിപ്പാടങ്ങൾ പ്രവർത്തിക്കുന്നു. ഇതിൽ 2.02 മെഗാവാട്ട് കെ.എസ്.ഇ.ബി. യുടെതായി പാലക്കാട് ജില്ലയിലെ കഞ്ചിക്കോട് പ്രവർത്തിക്കുന്നു. ബാക്കിയുള്ളവ പാലക്കാട്, ഇടുക്കി ജില്ലകളിൽ സ്വകാര്യ മേഖലയിൽ നടപ്പിലാക്കിയവയാണ്. കേരളത്തിൽ കാറ്റാടിപ്പാടങ്ങൾ സ്ഥാപിക്കുവാനായി കേന്ദ്ര സർക്കാർ പൊതുമേഖലാ സ്ഥാപനമായ എൻ.എച്ച്.പി.സി. 82 മെഗാവാട്ട് ശേഷിയുള്ള കാറ്റാടിപ്പാടങ്ങൾ പാലക്കാട് ജില്ലയിലെ നല്ലസിംഗം, കോട്ടത്തറ പ്രദേശങ്ങളിൽ സ്ഥാപിക്കുവാനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. പാരമ്പര്യേതര ഊർജ്ജ മേഖലയായ ചെറുകിട/മൈക്രോ/പീക്കോ ജലവൈദ്യുത പദ്ധതികളിൽ നിന്നും സ്വകാര്യ മേഖലയുടെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും ഉപഭോക്താക്കളുടെയും ഉല്പാദിപ്പിക്കുന്ന സ്ഥാപിതശേഷി ഇനം തിരിച്ച് താഴെ കൊടുത്തിരിക്കുന്നു.

ക്യാപ്റ്റീവ് പദ്ധതികൾ (CPP) - 33 MW
ഇൻഡിപെന്റന്റ് പദ്ധതികൾ (IPP) - 34.5 MW
തദ്ദേശ സ്വയം ഭരണ വകുപ്പ് - 3.6 MW

പീക്കോ ഹൈഡ്രോ ടർബയിനുകൾ
ചെറുകിട ജലവൈദ്യുത പദ്ധതികൾ (സ്വകാര്യ മേഖല)
ക്യാപ്റ്റീവ്
മണിയാർടെയിൽറെസ് - 12 MW
കുത്തുങ്കൽ - 21 MW
----------
33MW

| | | | |
|---|---|---|---|
| | | | IPP (ഐ.പി.പി)<br>ഇരുട്ടുകാനം (I&II ഘട്ടങ്ങൾ) - 4.5 MW<br>അള്ളുങ്കൽ - 7 MW<br>കാരിക്കയം (I&II ഘട്ടങ്ങൾ) - 15 MW<br>പാതംകയം - 8 MW<br>---------<br>34.5 MW<br>LSG<br>മാങ്കുളം - 110 kW<br>കല്ലാർ - 50 kW<br>മീൻവല്ലം - 3000 kW<br>-----------<br>3160 kW<br>(3.6 MW<br><br>കൂടാതെ കേന്ദ്ര നവീന നവീകരണ ഊർജ്ജമന്ത്രാലയത്തിന്റെ സാമ്പത്തിക സഹായത്തോടെ (CFA)<br>നടപ്പിലാക്കിയ - 100 kW |
| (ബി) | സൗരോർജ്ജത്തിൽ നിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിന് പ്രത്യേകമായി ഏതെങ്കിലും പദ്ധതി ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ബി) | ബാണാസുരസാഗർ ഡാം റിസർവോയറിൽ നിന്നും ഫ്ലോട്ടിംഗ് സോളാർ സാങ്കേതിക വിദ്യ ഉപയോഗിച്ച് വൈദ്യുതി ഉത്പാദിപ്പിക്കുന്ന 10 കിലോവാട്ടിന്റെ സൗരോർജ്ജ നിലയം നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ 500 കിലോവാട്ടിന്റെ ഫ്ലോട്ടിംഗ് സോളാർ നിലയത്തിന്റെ നിർമ്മാണം പൂർത്തിയായി വരുന്നു. ബാണാസുരസാഗർ ഡാം നടപ്പാതയിൽ സോളാർ പാനലുകൾ സ്ഥാപിച്ച് 440 കിലോവാട്ട് വൈദ്യുതി ഉത്പാദിപ്പിക്കുന്നു. ബാരാപ്പോൾ കനാൽ ടോപ്പിൽ സോളാർ നിലയം സ്ഥാപിച്ച് 3 മെഗാവാട്ടും കനാൽ ബാങ്കിൽ നിന്നും 1 മെഗാവാട്ടും വൈദ്യുതി ഉത്പാദിപ്പിക്കുന്നുണ്ട്.<br><br>സൗരോർജ്ജത്തിൽ നിന്നും വൈദ്യുതി ഉത്പാദിപ്പിക്കുന്നതിന് അനെർട്ട് വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. കെ.എസ്.ഇ.ബി. |

| | | | |
|---|---|---|---|
| | | | ലിമിറ്റഡ് വഴി സർക്കാർ കെട്ടിടങ്ങളിൽ വൈദ്യുതി ഉത്പാദിപ്പിക്കുന്നതിന് അനെർട്ട് ഒരു പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. കൂടാതെ ഫ്ലോട്ടിംഗ് സോളാർ വൈദ്യുതി പദ്ധതിയും നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. |
| (സി) | സർക്കാർ ഓഫീസുകൾ, പൊതു മേഖലാ സ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ സൗരോർജ്ജ പാനലുകൾ സ്ഥാപിച്ച് വൈദ്യുതി സ്വയംപര്യാപ്തതയിലേക്ക് എത്തുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി അവരുടെ വാർഷിക പദ്ധതിയിൽ സബ്സിഡി അനുവദിച്ചുകൊണ്ട് എന്തെങ്കിലും പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇല്ലെങ്കിൽ ഇത്തരത്തിൽ വൈദ്യുതി ഉൽപാദനം നടത്തുന്നതിനെപ്പറ്റി പഠനം നടത്തുമോ എന്ന് വ്യക്തമാക്കുമോ? | (സി) | ഉണ്ട്. |

P. [signature]

സെക്ഷൻ ആഫീസർ